"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -ജീവനക്കാര്യം - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ ജീവനക്കാരായ ശ്രീ.രാജേഷ് റ്റി എസ്സ്, ശ്രീ.ഷാജി പി, ശ്രീ.റ്റി.ജി.തോമസ് എന്നിവരുടെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.575/2024/TAXES തീയതി,തിരുവനന്തപുരം, 28-06-2024

പരാമർശം:-

1. 17.11.2022 ലെ സ.ഉ (സാധാ) 887/2022/നികുതി.
2. ശ്രീ.രാജേഷ് റ്റി എസ്സ്. 25.10.2023-ൽ സമർപ്പിച്ച അപേക്ഷ.
3. ശ്രീ.റ്റി.ജി.തോമസ് 30.11.2023 ൽ സമർപ്പിച്ച അപേക്ഷ.
4. ശ്രീ.ഷാജി പി 30.10.2023 ൽ സമർപ്പിച്ച അപേക്ഷ.
5. കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.04.2024-ലെ 8919/AS2/EXT/KSBC/2023 നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ വകുപ്പിന് കീഴിലുള്ള ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ സൂപ്പർവൈസർ ശ്രീ.രാജേഷ് റ്റി എസ്സ്, ഡ്രൈവർ ശ്രീ.ഷാജി പി, കാർപ്പെന്റർ ശ്രീ.റ്റി.ജി.തോമസ് എന്നിവരെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ഷോപ്പ് അറ്റൻഡന്റ്/ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അന്യത്ര സേവനം 30.11.2023- ൽ പൂർത്തിയായതിനാൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ടി ജീവനക്കാർ പരാമർശം 2, 3, 4 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.രാജേഷ് റ്റി എസ്സ്, ശ്രീ.ഷാജി പി, ശ്രീ.റ്റി.ജി.തോമസ് എന്നിവരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് മാതൃസ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. ടി ജീവനക്കാരുടെ അന്യത്ര സേവന കാലാവധി 01.12.2023 മുതൽ 1 വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം 6 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ സൂപ്പർവൈസർ ശ്രീ.രാജേഷ് റ്റി എസ്സ്, ഡ്രൈവർ ശ്രീ.ഷാജി പി, കാർപ്പെന്റർ ശ്രീ.റ്റി.ജി.തോമസ് എന്നിവരുടെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി 01.12.2023 മുതൽ ഒരു വർഷത്തേയ്ക്കോ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന ക്രമത്തിൽ

ദീർഘിപ്പിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യ-യ്ക്ക് ടി ജീവനക്കാർ അർഹരാകുന്നതല്ല. 01.12.2023 മുതൽ ഒരു വർഷം തികയുന്ന / പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്ന മുറയ്ക്ക് ടി ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് ബിവറേജസ് കോർപ്പറേഷൻ & മാനേജിംഗ് ഡയറക്ടർ വിട്ടുതൽ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

**പകർപ്പ്** 1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2) മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, തൈക്കാട്ടുകര പി.ഒ., ആലവ്വ - 683 106.
3) ബന്ധപ്പെട്ട ജീവനക്കാരന്. (കെ.എസ്സ്.ബി.സി മുഖാന്തിരം)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
6) വെബ്ബ് ആന്റ് ന്യൂ മീഡിയ
7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/150/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
Date: 28-06-2024 15:15:21
സെക്ഷൻ ഓഫീസർ